ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം
(ഹാജർ ശ്രീ. ബി.റ്റി.വി. കൃഷ്ണൻ B.Tech. )

ഉത്തരവ് നമ്പർ ബി2/118/2020/എച്ച്.ഇ.സി.ഇ. തീയതി 30-09-2020

വിഷയം:- ജീവനക്കാര്യം- ഹാർബർ എഞ്ചിനീയറിഗ് വകുപ്പ്- ഒന്നാംഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ ) തസ്തികയിലെ സ്ഥലംമാറ്റ നിയമനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ഈ കാര്യാലയത്തിലെ ബി2/119/20/എച്ച്.ഇ.സി.ഇ. എന്ന നമ്പരിലുള്ള 11/9/2020-ലെ ഉത്തരവ്
2) മദ്ധ്യമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 14-9-2020-ലെ എ2-4158/13/എച്ച്.ഇ.സി.സി. നമ്പർ കത്ത്
3) ഒന്നാംഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീമതി.ഇന്ദു.വി.യുടെ 12/8/20-ലെ അപേക്ഷ

ഒന്നാം പരാമർശത്തിലെ ഉത്തരവ്പ്രകാരം കരുനാഗപ്പള്ളി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയത്തിലെ ഒന്നാംഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ. പി. അനിൽകുമാറിന് ഹാർബർ എഞ്ചിനീയറിംഗ് ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷൻ ബേപ്പൂരിൽ അസിസ്റ്റന്റ് എഞ്ചിനിയർ തസ്തികയിൽ ബൈട്രാൻസ്ഫർ നിയമനം നൽകിയതുമൂലം ഹാർബർ എഞ്ചിനീയറിംഗ് കരുനാഗപ്പള്ളി സബ് ഡിവിഷൻ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഒന്നാംഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ ഒരു ഒഴിവ് നിലവിലുണ്ട്. തോട്ടപ്പള്ളി സബ് ഡിവിഷനിലെ ഒന്നാംഗ്രേഡ് ഡ്രാഫ്റ്റ്സ്മാനായ ഭിന്നശേഷിക്കാരി ശ്രീമതി. ഇന്ദു.വി. കൊല്ലം ജില്ലയിൽ സ്ഥലംമാറ്റത്തിനായി പരാമർശം (3) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് തോട്ടപ്പള്ളി സബ് ഡിവിഷൻ കാര്യാലയത്തിലെ ഒന്നാംഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) ശ്രീമതി. വി. ഇന്ദുവിനെ ടിയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഹാർബർ എഞ്ചിനീയറിംഗ് കരുനാഗപ്പള്ളി സബ് ഡിവിഷൻ അസി. എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയത്തിൽ നിലവിലുള്ള ഒന്നാംഗ്രേഡ് ഡ്രാഫ്റ്റ്സ്മാന്റെ (സിവിൽ) ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

ഒപ്പ്
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്
ശ്രീമതി. വി. ഇന്ദു
ഒന്നാംഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ)
തോട്ടപ്പള്ളി സബ് ഡിവിഷൻ (മേലധികാരി മുഖേന )

പകർപ്പ് സൂപ്രണ്ടിംഗ് എഞ്ചിനിയർ, മദ്ധ്യമേഖല, എറണാകുളം
എക്സിക്യൂട്ടീവ് എഞ്ചിനിയർ, ഹാർബർ എഞ്ചിനീയറിംഗ് ആലപ്പുഴ ഡിവിഷൻ
അസി.എക്സി. എഞ്ചിനീയർ, കരുനാഗപ്പള്ളി, തോട്ടപ്പള്ളി സബ് ഡിവിഷനുകൾ
സ്റ്റോക്ക് ഫയൽ/ വെബ്സൈറ്റ്

ഉത്തരവിൻപ്രകാരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്